**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5191 27.06.2019- ൽ മറുപടിയ്ക്ക്

**വയോജനങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി പ്രത്യേക വകുപ്പ്**

ചോദ്യം

ശ്രീ.കെ.എൻ.എ.ഖാദർ

മറുപടി

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പ മന്ത്രി.)

| | | | |
|---|---|---|---|
| (എ) | ആയുർദൈർഘ്യം വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഇക്കാലത്ത് വയോജനങ്ങളുടെ ജനസംഖ്യ കൂടിവരുന്നതിനാൽ അവരുടെ ക്ഷേമപ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി പുതിയ ഒരു വകുപ്പ് സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇതിനായി സാമൂഹ്യനീതി വകുപ്പിൽ പ്രൊപ്പോസലുകൾ എന്തെങ്കിലും തയ്യാറാക്കിയിട്ടുണ്ടോ; | (എ) | സാമൂഹ്യനീതി വകുപ്പ് വിഭജിച്ച് സ്ത്രീകളുടെയും കുട്ടികളുടെയും വിഷയങ്ങൾ പ്രത്യേക വകുപ്പിൻ കീഴിലാക്കിയിട്ടുള്ളതിനാൽ വയോജനങ്ങളുടെയും ഭിന്നശേഷിക്കാരുടെയും ട്രാൻസ്ജന്റർമാരുടെയും വിഷയങ്ങൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ടാണ് വകുപ്പ് പ്രവർത്തിക്കുന്നത്. അതിനാൽ വയോജനങ്ങൾക്കുമാത്രമായി ഒരു വകുപ്പ് രൂപീകരിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല. |
| (ബി) | വിവിധ സർക്കാർ ആശുപത്രികളിൽ വയോജനങ്ങൾക്കായി പ്രത്യേക ക്യൂ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ സാമൂഹ്യനീതി വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (ബി) | സർക്കാർ ഓഫീസുകൾ, നികുതി കൗണ്ടറുകൾ തുടങ്ങി പൊതുജനങ്ങൾ ഇടപെടുന്ന എല്ലാ സേവന കേന്ദ്രങ്ങളിലും മുതിർന്ന പൗരന്മാർ, ഗുരുതരമായി രോഗം ബാധിച്ചവർ, ഭിന്നശേഷിക്കാർ എന്നിവർക്ക് ക്യൂ നില്ക്കാതെ മുൻഗണനയിൽ സേവനം ലഭ്യമാക്കേണ്ടതാണെന്ന് എല്ലാ വകുപ്പ് മേധാവികൾക്കും 06.06.2019 ലെ സി.2/155/2019/സാ.നീ.വ. നമ്പർ സർക്കുലർ പ്രകാരം സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ